# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1976 12.02.2013- ൽ മറുപടി നൽകേണ്ടിയിരുന്നത്

**കുടിവെള്ളം, കൃഷി എന്നീ മേഖലകളിൽ സ്വീകരിച്ചിട്ടുള്ള ദുരിതനിവാരണ നടപടികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാജു | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) | കഠിനമായ വരൾച്ച നേരിടുന്ന സംസ്ഥാനത്ത് കുടിവെള്ളം, കൃഷി എന്നീ മേഖലകളിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള ദുരിതനിവാരണ നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ; | | (എ) & (ബി)<br>സംസ്ഥാനമാകെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ച് 31.12.2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ ജില്ലയുടെ ചുമതല ഓരോ മന്ത്രിമാരെ ഏൽപ്പിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും അതിനു പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ചും വരൾച്ചാ ദുരിതാശ്വാസ/ കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ജില്ലാ തലത്തിൽ സ്വീകരിക്കാനുതകുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും 28.12.2012-ൽ നം.77507/ കെ3/2012/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ അടിയന്തിര യോഗങ്ങൾ ചേർന്ന് അതാത് ജില്ലകളിൽ സ്വീകരിക്കേണ്ട വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവലോകനം നടത്തി ഏതൊക്കെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന് തീരുമാനമെടുക്കുകയും പ്രവർത്തനങ്ങൾക്ക് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി അതാത് നിർവ്വഹണ വകുപ്പുകളിലൂടെ തീരുമാനങ്ങൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് നിബന്ധന അനുസരിച്ചുള്ള ടാങ്കർ ലോറിയിലുള്ള കുടിവെള്ള വിതരണം, പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾ, പൊതുകുളം, കിണർ മുതലായ കുടിവെള്ള സ്രോതസുകളുടെ സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾക്ക് ജില്ലാ കളക്ടർമാർ അനുമതി നൽകി വരുന്നു. കേരള വാട്ടർ അതോറിറ്റി, |
| (ബി) | വരൾച്ചയും, അനുബന്ധമായ കെടുതികളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിന് എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ അതാത് വകുപ്പുകൾ മുഖേന നിർവ്വഹിച്ചു വരുന്നു. കൂടാതെ വരൾച്ച മൂലമുണ്ടാകുന്ന കൃഷി നാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡ പ്രകാരമുള്ള ധനസഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് നൽകുന്നുണ്ട്. കാർഷിക മേഖലയിൽ വരൾച്ച മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി വിള നിർണ്ണയ സമിതി യോഗങ്ങളും പദ്ധതി ഉപദേശക സമിതി യോഗങ്ങളും കൂടുകയും കർഷകർക്ക് ജലം കുറവ് വേണ്ട വിളകൾ കൃഷി ചെയ്യാനും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വരൾച്ചാ ആഘാതം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി കർഷകർക്ക് ബോധവത്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകുന്നുണ്ട്. ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് ജില്ലാ തലത്തിൽ നടപടികൾ നടന്നു വരുന്നു. കുട്ടനാട് പ്രദേശത്തും പാലക്കാട് ജില്ലയിലുമുണ്ടായ കൃഷി നാശം അവലോകനം ചെയ്യാനും പരിഹാര നടപടികൾ സ്വീകരിക്കാനും സർവ്വ കക്ഷി യോഗം ചേർന്നിരുന്നു. കൂടാതെ വരൾച്ച മൂലം കാർഷിക വിളകൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കർമ്മ പദ്ധതി കൃഷി വകുപ്പ് തയ്യാറാക്കി വരുന്നു. |
| (സി) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്ര വീതമാണെന്നു വ്യക്തമാക്കുമോ ? | (സി) | 2012 - 13 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസത്തിനായി പ്രകൃതി ക്ഷോഭ പ്രതികരണ നിധിയിൽ നിന്ന് ആകെ 85 കോടി രൂപ വിവിധ ജില്ലാ കളക്ടർമാർക്കായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | തുക (രൂപയിൽ) |
|---|---|
| തിരുവനന്തപുരം | 12.47 കോടി |
| കൊല്ലം | 8.45 കോടി |
| പത്തനംതിട്ട | 5.25 കോടി |
| ആലപ്പുഴ | 5.36 കോടി |
| കോട്ടയം | 5.18 കോടി |

| | | | | |
|---|---|---|---|---|
| | | | ഇടുക്കി | 4.09 കോടി |
| | | | എറണാകുളം | 6.51 കോടി |
| | | | തൃശ്ശൂർ | 6.11 കോടി |
| | | | പാലക്കാട് | 9.26 കോടി |
| | | | മലപ്പുറം | 6.70 കോടി |
| | | | കോഴിക്കോട് | 3.57 കോടി |
| | | | വയനാട് | 4.73 കോടി |
| | | | കണ്ണൂർ | 4.06 കോടി |
| | | | കാസർഗോഡ് | 3.26 കോടി |
| | | | **ആകെ** | **85 കോടി രൂപ** |

സെക്ഷൻ ഓഫീസർ